49. കേന്ദ്ര ഗവൺമെന്റിന്റെ ഉപഭോക്തൃ ക്ഷേമനിധിയിലുള്ള പണം 50:50 എന്ന അനുപാതത്തിൽ ഉപഭോക്താക്കളുടെ ക്ഷേമത്തിനായി വിനിയോഗിക്കുന്നതിനുവേണ്ടി സംസ്ഥാനങ്ങൾക്ക് നൽകാൻ തീരുമാനിച്ചിട്ടുണ്ട്. ഇപ്രകാരം കേന്ദ്ര ഗവൺമെന്റിൽ നിന്ന് ലഭിക്കുന്ന പണം തത്തുല്യമായ സംസ്ഥാന വിഹിതവും ചേർത്ത് സംസ്ഥാന ഗവൺമെന്റിന്റെ കീഴിൽ ഒരു ഉപഭോക്തൃ ക്ഷേമനിധി രൂപീകരിക്കും. ഈ പദ്ധതിക്കായി 15 ലക്ഷം രൂപ ഞാൻ വകയിരുത്തുന്നു.

50. പൊതുജനങ്ങൾക്ക്, പ്രത്യേകിച്ച് പാവപ്പെട്ടവർക്ക്, മെച്ചപ്പെട്ട സേവനം ലഭ്യമാക്കുന്നതിനുവേണ്ടി പൊതുവിതരണ വകുപ്പിന് ഭരണ നവീകരണ പദ്ധതിയിൻ കീഴിൽ സേവന പ്രദാന പദ്ധതി മെച്ചപ്പെടുത്തുന്നതിനായി 750 ലക്ഷം രൂപ വകയിരുത്തുന്നു.

## വിദ്യാഭ്യാസം

### പൊതുവിദ്യാഭ്യാസം

51. വിദ്യാഭ്യാസത്തിന് മുന്തിയ പരിഗണനയാണ് ഈ ഗവൺമെന്റ് നൽകിവരുന്നത്. സെക്കണ്ടറി സ്കൂളുകളിൽ പരീക്ഷ പാസ്സായി ഇറങ്ങുന്ന വിദ്യാർത്ഥികളുടെ കഴിവ് തിട്ടപ്പെടുത്തുന്നതിന് ശാസ്ത്രീയമായ ഒരു രീതി ഈ വർഷം നടപ്പിലാക്കുന്നതിനാൽ 2004-05 വർഷം സംസ്ഥാനത്തെ സെക്കണ്ടറി വിദ്യാഭ്യാസ ചരിത്രത്തിലെ ഒരു വഴിത്തിരിവായിരിക്കും. സെക്കണ്ടറി വിദ്യാഭ്യാസത്തിന്റെ സമഗ്ര പുരോഗതിക്കായി ഞാൻ 2005-06-ലും 35.10 കോടി രൂപ വകയിരുത്തുന്നു. കൂടാതെ, പ്രൈമറി, സെക്കണ്ടറി വിദ്യാഭ്യാസ മേഖലയിലെ സേവന പ്രദാന പദ്ധതിയുടെ പുരോഗതിക്കായി ഭരണ നവീകരണ പദ്ധതിയിൻകീഴിൽ 300 ലക്ഷം രൂപയും വകയിരുത്തുന്നു.

### ഹയർ സെക്കണ്ടറി വിദ്യാഭ്യാസം

52. ഹയർ സെക്കണ്ടറി ഡയറക്ടറേറ്റിലെ അനദ്ധ്യാപക ജീവനക്കാർക്ക് മാനേജ്മെന്റ്, അക്കൗണ്ടിംഗ്, ഓഡിറ്റിംഗ് എന്നീ കാര്യങ്ങളിൽ പരിശീലനം നൽകാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നു. ഡയറക്ടറേറ്റിലെ കമ്പ്യൂട്ടർവൽക്കരണം ഈ വർഷം പൂർത്തിയാക്കുന്നതാണ്. ഹയർ സെക്കണ്ടറി വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി കമ്പ്യൂട്ടർ സയൻസ്, കമ്പ്യൂട്ടർ ആപ്ലിക്കേഷൻ എന്നിവ ഐച്ഛിക വിഷയങ്ങളായുള്ള ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂളുകളിൽ കമ്പ്യൂട്ടറുകൾ നൽകാനുദ്ദേശിക്കുന്നു. ഈ പദ്ധതികൾക്കും അപ്ഗ്രേഡ് ചെയ്തതായ ഹയർ സെക്കണ്ടറി സ്കൂളുകളിലെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുമായി 150 ലക്ഷം രൂപ വകയിരുത്തുന്നു.

53. സംസ്ഥാനത്തെ മിക്ക ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂളുകളിലെയും ലബോറട്ടറി സൗകര്യങ്ങൾ മെച്ചപ്പെടുത്തേണ്ടതുണ്ട്. ഇതിലേക്കായി 2005-06 വർഷത്തെ ബജറ്റിൽ 5 കോടി രൂപ വകയിരുത്തുന്നു.

LIBRARY ARCHIVES Kerala Legislative Assembly